**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 203** **22-02-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിനായി കിഫ്‌ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ ക്യാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിനായി കിഫ്‌ബി മുഖാന്തിരം 2 ഘട്ടങ്ങളിലായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി ആയി ബി.എസ്.എൻ.എൽ-നേയും 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി. വി ആയി വാപ്കോസിനേയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ട പദ്ധതിയിൽപെട്ട പുതിയ റേഡിയോ തെറാപ്പി ബ്ലോക്കിന്റെ 30% പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ഒ.പി ബ്ലോക്കിന്റെ 1ാം നിലയിലുള്ള നവീകരണത്തിന്റെ 98% പൂർത്തിയാക്കിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ നിർമ്മാണത്തിന്റെ പ്രവർത്തിക്കായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പൂർത്തിയായി വരുന്നു. |
| (ബി) | മലബാർ കാൻസർ സെന്ററിൽ കിഫ്‌ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ആണുള്ളതെന്നും ആയത് പൂർത്തീകരിക്കുന്നതിനു നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | മലബാർ ക്യാൻസർ സെന്ററിന്റെ സമഗ്ര വികസനത്തിന്റെ ഭാഗമായി കിഫ്‌ബി മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളുടെ രണ്ടാം ഘട്ടമായ പുതിയ ആശുപത്രി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നടപ്പാക്കുന്നതിനുള്ള ("Development of Malabar Cancer Centre as Post Graduate Institute of Oncology Sciences & Research") കരാർ ലഭിച്ച വാപ്കോസ് എന്ന സ്ഥാപനം തയ്യാറാക്കിയ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിച്ച് പദ്ധതിക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതികാനുമതികളും സാങ്കേതികാനുമതിയും ടെന്റർ നടപടികളും അന്തിമഘട്ടത്തിലാണ്. കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം വകുപ്പ് രൂപീകരിച്ച കമ്മറ്റിയുടെ (Environment Impact Assessment) അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ പദ്ധതിയുടെ ടെന്റർ |

| | | | |
|---|---|---|---|
| | | | നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളു. എയർപ്പോർട്ട് അതോറിറ്റി , മലിനീകരണ നിയന്ത്രണം, ഊർജ്ജ സംരക്ഷണം എന്നീ വകുപ്പുകളുടെ അനുമതിയും ഇതിനായി ലഭിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ വകുപ്പുകളുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ